ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 16-04-2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. പാർലമെന്റിന്റെ മൂന്നു ദിവസത്തെ പ്രത്യേക സമ്മേളനത്തിന് തുടക്കമായി. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം ലക്ഷ്യമിട്ടുള്ള ഭേദഗതി ബിൽ ലോക്സഭയിൽ.

The three-day special session of Parliament has begun. Constitutional amendment bill aimed at providing 33 percent reservation for women in the Lok Sabha and state legislative assemblies will be introduced in the Lok Sabha.

2. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും പ്രചാരണം ഊർജിതം. വോട്ടെടുപ്പ് ഈ മാസം 23 ന്.

Campaigning for Assembly elections has intensified in Tamil Nadu and West Bengal. Polling will take place on the 23rd of this month.

3. കഴിഞ്ഞ സാമ്പത്തിക വർഷം ഇന്ത്യയുടെ ആകെ കയറ്റുമതിയിൽ 4.22 ശതമാനം വളർച്ച രേഖപ്പെടുത്തിയതായി കേന്ദ്രസർക്കാർ.

**India's total exports recorded a growth of 4.22 per cent in financial year 2025-26.**

4. 2027 ലെ സെൻസസിന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കമായി.

**Field operations for Houselisting and Housing Census 2027 began today across multiple States and Union Territories.**

5. കേരളത്തിൽ പകൽ താപനില ഉയരുന്നു. അൾട്രാ വയലറ്റ് സൂചിക ഉയരുന്നതിന്റെ പശ്ചാത്തലത്തിൽ ആറ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

**Daytime temperature is rising in Kerala. In view of the increasing ultraviolet index, an orange alert has been issued in six districts.**

6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, പഞ്ചാബ് കിംഗ്സിനെ നേരിടും.

**In IPL, Mumbai Indians will take on Punjab Kings today.**

&&&&&&&&&&&&&&&&&

**PRESIDENT - WARDHA.**

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് മഹാരാഷ്ട്രയിലെ വാർധയിലുള്ള സേവാഗ്രാം ആശ്രമം സന്ദർശിക്കും. വാർധയിലെ മഹാത്മാഗാന്ധി ഇന്റർനാഷണൽ ഹിന്ദി സർവകലാശാലയുടെ ആറാമത് ബിരുദദാന ചടങ്ങിലും ശ്രീമതി മുർമു പങ്കെടുക്കും. 1936 മുതൽ 1948 വരെ മഹാത്മാഗാന്ധി സേവാഗ്രാം ആശ്രമത്തിൽ താമസിച്ചാണ് സ്വാതന്ത്ര്യസമരകാലത്തെ തന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

&&&&&&&&&&&&&&&&&&

## HEADLINE-1

## PARLIAMENT

പാർലമെന്റിന്റെ മൂന്നു ദിവസത്തെ പ്രത്യേക സമ്മേളനത്തിന് തുടക്കമായി. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം ലക്ഷ്യമിട്ട് 2023-ൽ പാസാക്കിയ നിയമം ഭേദഗതികളോടെ നടപ്പാക്കുന്നതിന്റെ ഭാഗമായാണ് സമ്മേളനം. ഇതിനായി സർക്കാർ മൂന്ന് ഭേദഗതി ബില്ലുകളാണ് അവതരിപ്പിക്കുന്നത്. ഭരണഘടന (131-ാം ഭേദഗതി) ബിൽ 2026, കേന്ദ്രഭരണ പ്രദേശ നിയമങ്ങൾ (ഭേദഗതി) ബിൽ 2026, ഡീലിമിറ്റേഷൻ ബിൽ, 2026 എന്നിവയാണ് അവ. ഇതിൽ ഭരണഘടനയുടെ (131-ാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നതിനെ 207 അംഗങ്ങൾ അനുകൂലിച്ചും 126 പേർ എതിർത്തും വോട്ട് ചെയ്തു. വനിതാ സംവരണ ഭേദഗതി ബിൽ അവതരണത്തിലേക്ക് കടന്നപ്പോൾ കോൺഗ്രസ് അംഗം കെ സി വേണുഗോപാൽ ഈ നീക്കത്തെ എതിർക്കുകയായിരുന്നു. രാജ്യത്തിന്റെ ഫെഡറൽ ഘടനയെ ഈ ബില്ലുകൾ ദുർബലപ്പെടുത്തുമെന്ന് അദ്ദേഹം പറഞ്ഞു. ബിൽ അവതരിപ്പിക്കുന്നതിലെ സാങ്കേതിക തടസ്സങ്ങൾ മാത്രമേ ഉന്നയിക്കാൻ സാധിക്കൂ എന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ മറുപടി നൽകി. ബില്ലിന്മേൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വൈകിട്ട് മറുപടി നൽകും. വിഖ്യാത ഗായിക ആശാ ഭോസ്ലേയ്ക്ക് ലോക്സഭ ശ്രദ്ധാഞ്ജലി അർപ്പിച്ചു. അതെസമയം, രാജ്യസഭയിൽ ബി ജെ പി ദേശീയ അധ്യക്ഷൻ നിതിൻ നബിൻ ഉൾപ്പെടെ പത്തോളം അംഗങ്ങളുടെ സത്യപ്രതിജ്ഞയ്ക്ക് ശേഷം സഭ ഇന്നത്തേക്ക് പിരിഞ്ഞു.

&&&&&&&&&&&&&&&&&&

## AMIT SHAH- CAST CENSUS (INTRO)

*രാജ്യത്ത് ജാതി സെൻസസിനുള്ള നടപടികൾ സർക്കാർ ആരംഭിച്ച് കഴിഞ്ഞതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ലോക്സഭയിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്.*

*(ഹോൾഡ് - വോയിസ് - അമത് ഷാ)*

&&&&&&&&&&&&&&&&&&

## PM – AUSTRIAN CHANCELLOR

ഇന്ത്യ- ഓസ്ട്രിയ ഉഭയകക്ഷി സഹകരണം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഓസ്ട്രിയൻ ചാൻസലർ ക്രിസ്റ്റ്യാൻ സ്റ്റോക്കറുടെ ഇന്ത്യാ സന്ദർശനം സഹായകരമായതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ ഓസ്ട്രിയൻ ചാൻസലറോടൊപ്പം നടത്തിയ സംയുക്ത പ്രസ്താവനയിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. ഇന്ത്യ യൂറോപ്യൻ യൂണിയൻ കരാറിന് ശേഷം അടിസ്ഥാന സൗകര്യവികസനം ഉൾപ്പെടെയുള്ള വിവിധ മേഖലകളിലെ സഹകരണം ശക്തിപ്പെട്ടതായും ശ്രീ നരേന്ദ്ര മോദി പറഞ്ഞു.

&&&&&&&&&&&&&&&&&

## HEADLINE-2

## ELECTION CAMPAIGN

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും പ്രചാരണം ഊർജിതം. ബിജെപി നേതാവും അസം മുഖ്യമന്ത്രിയുമായി ഹിമന്ദ ബിശ്വ ശർമ്മ ഇന്ന് പശ്ചിമബംഗാളിൽ പ്രചാരണത്തിൽ പങ്കെടുക്കും. ത്രിണമൂൽ കോൺഗ്രസ് നേതാവും മുഖ്യമന്ത്രിയുമായ മമതാ ബാനർജിയും തിരഞ്ഞെപ്പ് പ്രചാരണ രംഗത്ത് സജീവമാണ്. പ്രധാനമന്ത്രിയും ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്നലെ തമിഴ്നാട്ടിലെ നാഗർകോവിലിൽ റോഡ് ഷോയിൽ പങ്കെടുത്തു. തമിഴ്നാട് മുഖ്യമന്ത്രിയും ഡിഎംകെ നേതാവുമായ എം.കെ. സ്റ്റാലിൻ സേലം ജില്ലയിലാണ് പ്രചാരണം നടത്തിയത്. ഇരു സംസ്ഥാനങ്ങളിലും ഈ മാസം 23 നാണ് വോട്ടെടുപ്പ്. പശ്ചിമ ബംഗാളിൽ രണ്ടാം ഘട്ട പോളിംഗ് 29 നാണ്.

&&&&&&&&&&&&&&&&&

## Chhattisgarh –Uniform Civil Code

ഛത്തീസ്ഗഢിൽ ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉന്നതതല സമിതി രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. മുഖ്യമന്ത്രി വിഷ്ണു ദേവ് സായിയുടെ അധ്യക്ഷതയിൽ റായ്പ്പൂരിൽ ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് ഈ തീരുമാനം

കൈക്കൊണ്ടത്. റിട്ടയേർഡ് ജസ്റ്റിസ് രഞ്ജന പ്രകാശ് ദേശായി സമിതിയെ നയിക്കും.

&&&&&&&&&&&&&&&&&

## KURNOOL ACCIDENT

ആന്ധ്രാപ്രദേശിലെ കുർണൂലിൽ ഉണ്ടായ വാഹനാപകടത്തിൽ എട്ട് തീർത്ഥാടകർ മരിച്ചു. ചിലകലാഡോണ ഗ്രാമത്തിന് സമീപമായിരുന്നു അപകടം. ഇവർ സഞ്ചരിച്ചിരുന്ന വാഹനം ടാങ്കറുമായി കൂട്ടിയിടിക്കുകയായിരുന്നു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബത്തിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും നഷ്ടപരിഹാരം നൽകും.

&&&&&&&&&&&&&&&&&

## HEADLINE-3

## INDIA EXPORT

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ആകെ കയറ്റുമതിയിൽ 4.22 ശതമാനം വളർച്ച രേഖപ്പെടുത്തിയതായി കേന്ദ്രസർക്കാർ. ഇതോടെ, ഏകദേശം 860 ബില്യൺ യു എസ് ഡോളർ നേട്ടമാണ് കൈവരിക്കാനായത്. അതേസമയം, ഇറക്കുമതി 6.5 ശതമാനം വർധിച്ച് 979 ബില്യൺ യുഎസ് ഡോളറിലെത്തി.

&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 26-ന്. പരിപാടിയുടെ 133-ാം പതിപ്പാണിത്. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ നരേന്ദ്ര മോദി ആപ്പിലൂടെയോ MY GOV ഓപ്പൺ ഫോറം വഴി ഓൺലൈനായോ ജനങ്ങൾക്ക് ഈ മാസം 24 വരെ അഭിപ്രായങ്ങൾ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&

**<u>ബ്രേക്ക്</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

&&&&&&&&&&&&&&&&&

**<u>HEADLINE-4</u>**

**<u>CENSUS (INTRO)</u>**

*<u>2027 ലെ സെൻസസിന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കമായി. ഇന്ന് മുതൽ മെയ് 15 വരെയുള്ള 30 ദിവസമാണ് ഫീൽഡ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ജനസംഖ്യാ കണക്കെടുപ്പ് അടുത്ത വർഷം ഫെബ്രുവരിയിൽ നടക്കും.</u>*

*<u>വിശദാംശങ്ങളിലേക്ക്........</u>*
*<u>(voice)</u>*

*<u>വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും 2027 ലെ സെൻസസിൻറെ ആദ്യ ഘട്ട ഫീൽഡ് പ്രവർത്തനങ്ങൾ ആരംഭിച്ചു. ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ഗോവ, കർണാടക, ലക്ഷദ്വീപ്, മിസോറാം, ഒഡീഷ, സിക്കിം എന്നിവിടങ്ങളിലും ദേശീയ തലസ്ഥാനത്തെ എൻ ഡി എം സി, ഡൽഹി കൻറോൺമെന്റ് ബോർഡ് പ്രദേശങ്ങളിലും, വീട് പട്ടികപ്പെടുത്തലിനും ഭവന സെൻസസിനും ഇന്ന് തുടക്കമായി. സെൻസസിന്റെ ആദ്യ ഘട്ടത്തിൽ രാജ്യത്ത് ഇതുവരെ അഞ്ച് ലക്ഷത്തി 72 ആയിരത്തിലധികം കുടുംബങ്ങൾ 'സെൽഫ് എന്യൂമെറേഷൻ സൗകര്യം പ്രയോജനപ്പെടുത്തി. കർണാടക, ഗോവ, ലക്ഷദ്വീപ് ഉൾപ്പെടെ 11 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് 'സെൽഫ് എന്യൂമെറേഷൻ നടന്നത്.</u>*

*<u>ന്യൂസ് ഡെസ്ക് ആകാശവാണി.</u>*

&&&&&&&&&&&&&&&&&

**<u>WEST ASIA CONFLICT</u>**

പശ്ചിമേഷ്യയിൽ സംഘർഷം തുടരുന്നു. ഇറാന്റെ തുറമുഖങ്ങളിൽ അമേരിക്ക നാവിക ഉപരോധം കർശനമാക്കി. തെക്കൻ ലെബനനിൽ ഇസ്രായേൽ സൈനിക നീക്കം തുടരുകയാണ്. അതേസമയം ഇറാനുമായുള്ള യുദ്ധം അവസാനിക്കാറായെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് അറിയിച്ചു. സമാധാന കരാറിൽ ഏർപ്പെടാൻ ടെഹ്റാനിലെ അധികൃതർ സമ്മതിക്കുമെന്നും ഒരു അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. അതേസമയം, വെടിനിർത്തൽ കാലാവധി നീട്ടാൻ അമേരിക്ക ഔദ്യോഗികമായി ആവശ്യപ്പെട്ടുവെന്ന റിപ്പോർട്ടുകൾ വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ് തള്ളി. ശാശ്വത കരാറിലെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും അവർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEADLINE-6

## IPL

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് പഞ്ചാബ് കിംഗ്സിനെ നേരിടും. രാത്രി 07.30 ന് മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന കളിയിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ലഖ്നൗ സൂപ്പർ ജയന്റ്സിനെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&

## HEADLINE-5

## HEATWAVE

കേരളത്തിൽ പകൽ താപനില ഉയരുന്നു. ഉയർന്ന അൾട്രാ വയലറ്റ് സൂചിക റിപ്പോർട്ട് ചെയ്യുന്ന പശ്ചാത്തലത്തിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കണ്ണൂർ, കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

&&&&&&&&&&&&&&&&&&

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടത്തോടെ വ്യാപാരം ആരംഭിച്ചു. സെൻസെക്സ് 229 പോയിന്റ് ഉയർന്ന് 78,341 ലും നിഫ്റ്റി 66 പോയിന്റ് നേട്ടത്തിൽ 24,297 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില വർധിച്ചു. ഗ്രാമിന് 20 രൂപ വർധിച്ച് 14,260 രൂപയും പവന് 160 രൂപ ഉയർന്ന് ഒരു ലക്ഷത്തി 14,080 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**OIL IMPORT**

റഷ്യ, ഇറാൻ എന്നീ രാജ്യങ്ങളിൽ നിന്ന് എണ്ണ ഇറക്കുമതി ചെയ്യുന്നതിന് നൽകിയിരുന്ന ഉപരോധ ഇളവുകൾ ദീർഘിപ്പിക്കില്ലെന്ന് അമേരിക്ക. മുൻ ഇളവുകളുടെ അടിസ്ഥാനത്തിൽ മാർച്ച് 11 ന് മുമ്പ് തന്നെ, എണ്ണ ഇറക്കുമതി നടത്തിയതായും ഈ ഇളവുകൾ കാലഹരണപ്പെട്ടതായും യുഎസ് ട്രഷറി സെക്രട്ടറി സ്കോട്ട് ബെസെന്റ് പത്രസമ്മേളനത്തിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

**TRUMP-QATAR**

ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി ടെലിഫോൺ സംഭാഷണം നടത്തി. പശ്ചിമേഷ്യയിലെ വർദ്ധിച്ചുവരുന്ന സംഘർഷങ്ങളെക്കുറിച്ചും അത് ആഗോള ഊർജ്ജ വിപണിയെയും വിതരണ ശൃംഖലയെയും എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ചും ഇരുനേതാക്കളും ചർച്ച ചെയ്തു. മേഖലയിലെ സുരക്ഷയും സ്ഥിരതയും ഉറപ്പാക്കാൻ നയതന്ത്ര പരിഹാരങ്ങൾ ആവശ്യമാണെന്ന് അമീർ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

**I S L**

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ , ബംഗളുരു എഫ് സി യെ നേരിടും.രാത്രി 7.30 ന് കൊൽക്കത്തയിലെ സാൾട്ട് ലേയ്ക്ക് സ്റ്റേഡിയത്തിലാണ് മത്സരം .

&&&&&&&&&&&&&&&&&&

**UKRAINE-UK**

ബ്രിട്ടൻ പ്രഖ്യാപിച്ച ചരിത്രത്തിലെ ഏറ്റവും വലിയ ഡ്രോൺ സഹായ പാക്കേജിൽ നിന്നുള്ള ആദ്യഘട്ട ഡ്രോണുകൾ യുക്രൈനിലെത്തിത്തുടങ്ങി. യുക്രേനിയൻ പ്രതിരോധ മന്ത്രാലയമാണ് ഇക്കാര്യം ഔദ്യോഗികമായി അറിയിച്ചത്.ഈ വർഷം ആകെ ഒരു ലക്ഷത്തി ,20,000 ഡ്രോണുകൾ പാക്കേജിൻറെ ഭാഗമായി ലഭിക്കുമെന്ന് മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ഇതിൽ ആക്രമണങ്ങൾക്കും, നിരീക്ഷണത്തിനും, ചരക്ക് നീക്കത്തിനും ,സമുദ്ര സുരക്ഷയ്ക്കും ഉപയോഗിക്കാവുന്ന മോഡലുകൾ ഉൾപ്പെടുന്നു.അതേസമയം, യൂറോപ്യൻ രാജ്യങ്ങൾ യുക്രെയ്നായി ഡ്രോണുകൾ നിർമ്മിക്കുന്നതിനെതിരെ റഷ്യ രംഗത്തെത്തി. യൂറോപ്യൻ രാജ്യങ്ങളുടെ ഇത്തരം നടപടികൾ റഷ്യയുമായുള്ള നേരിട്ടുള്ള സംഘർഷത്തിലേക്ക് യൂറോപ്പിനെ കൂടുതൽ ആഴത്തിൽ എത്തിക്കുമെന്ന് റഷ്യൻ പ്രതിരോധ മന്ത്രാലയം മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&